Draft #32 of File 29182/P&D 3/2/2019/P&D 3 Approved by DEPUTY REGISTRAR (P & D) on 22-Oct-2020 01:24 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

KIIFB ധനസഹായത്തോടെ സർവ്വകലാശാലയിൽ ലബോറട്ടറി സമുച്ചയം നിർമ്മിക്കുന്നതിന് - പഴയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പൊളിക്കുന്നതിനായി കട്ടേഷൻ ക്ഷണിക്കുന്നത് സംബന്ധിച്ച് 30/9/2020 -ൽ ബഹു: വൈസ് ചാൻസലറുടെ ചേമ്പറിൽ ചേർന്ന യോഗത്തിന്റെ മിനിട്സ് അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**എസ് സി / എസ് ടി സെൽ**

നമ്പർ. 4887/SC/ST Cell/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 22.10.2020

---

*പരാമർശം:*-(1 ) പഴയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പൊളിക്കുന്നത് സംബന്ധിച്ച് 30/9/2020-ൽ ബഹു: വൈസ് ചാൻസലറുടെ ചേംബറിൽ ചേർന്ന യോഗത്തിന്റെ മിനിട്സ് അംഗീകരിച്ചുള്ള ബഹു: വൈസ് ചാൻസലറുടെ ഉത്തരവ്

**ഉത്തരവ്**

KIIFB ധനസഹായത്തോടെ സർവ്വകലാശാലയിൽ ലബോറട്ടറി സമുച്ചയം നിർമ്മിക്കുന്നതിനോടനുബന്ധിച്ച പഴയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പൊളിക്കുന്നതിനായി ടി കെട്ടിടത്തിന്റെ റൂഫ് ഷീറ്റുകൾ നീക്കി സർവ്വകലാശാല നിർദ്ദേശിക്കുന്ന സ്ഥലത്തു എത്തിക്കുന്നതിനും ,Girder -കൾ നീക്കം ചെയ്ത് സർവ്വകലാശാലനിർദ്ദേശിക്കുന്ന സ്ഥലത്തു എത്തിക്കുന്നതിനും, ജന്നൽ, വാതിൽ, വാഷ് ബേസിനുകൾ എന്നിവ പൊളിച്ച് ഇനം തിരിച്ച് അടുക്കി സർവ്വകലാശാലനിർദ്ദേശിക്കുന്ന സ്ഥലത്തുസൂക്ഷിക്കുന്നതിനും ,ഭിത്തി പൊളിച്ച ഇഷ്ടിക ,അടിത്തറ പൊളിച്ച പാറ എന്നിവ സർവ്വകലാശാലനിർദ്ദേശിക്കുന്ന സ്ഥലത്തു എത്തിക്കുന്നതിനും കട്ടേഷൻ ക്ഷണിക്കുന്നതിന് പരാമർശം (1 ) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

പൊളിച്ച നീക്കുന്ന കെട്ടിടത്തിലെ ഇലെക്ട്രിക്കൽ ഫിറ്റിങ്സ് ,ഇലെക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവ അഴിച്ച സ്റ്റോക്ക് ഫയലിൽ ചേർത്ത് സർവ്വകലാശാല എൻജിനീയർ സൂക്ഷിക്കേണ്ടതാണെന്നും യോഗം ശിപാർശ ചെയ്തിട്ടുണ്ട്.

തുടർ നടപടികൾക്കായി ബഹു വൈസ്ചാൻസലർ ചെയർമാനും പ്രൊ വൈസ്ചാൻസലർ,ഡോ എ ജോസ് (സിണ്ടിക്കേറ്റ് അംഗം ) ,അഡ്വ :എം അനിൽ കുമാർ (സിണ്ടിക്കേറ്റ് അംഗം ),രജിസ്ട്രാർ ,ഫിനാൻസ് ഓഫീസർ ,സർവ്വകലാശാല എഞ്ചിനീയർ ,എസ്റ്റേറ്റ് ഓഫീസർ ,ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി രൂപീകരിക്കുന്നതിന് യോഗം ശിപാർശ ചെയ്തു.

ടി ശിപാർശകൾ ബഹു: വൈസ്ചാൻസലർ അംഗീകരിച്ച ഉത്തരവായിട്ടുണ്ട്

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡെപ്യൂട്ടി രജിസ്ട്രാർ (പി & ഡി)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1 ) വി.സി / പി.വി .സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

(2 )രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ

(3 )സർവ്വകലാശാല എൻജിനീയർ

(4 ) ജോയിന്റ് രജിസ്ട്രാർ III (ഭ .വി )

(5 )ഫിനാൻസ് I ,ഓഡിറ്റ് I / IQAC

(6 )ജോയിന്റ് ഡയറക്ടർ ,കെ എസ് എ ഡി

(7 )റെക്കോർഡ്സ് സെക്ഷൻ / സി എം എസ് / എഫ് എസ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #32 of File 29182/P&D 3/2/2019/P&D 3 Approved by DEPUTY REGISTRAR (P & D) on 22-Oct-2020 01:24 PM - Page 2